G4/5155/2020/DCE

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, വികാസ് ഭവൻ,
തിരുവനന്തപുരം
തീയതി: 16.03.2020

**<u>പരിപത്രം</u>**

വിഷയം:- വിഷയം: കോളേജ് വിദ്യാഭ്യാസ വകുപ്പ് - കൊറോണ വൈറസ് - കോവിഡ് -19 - കോളേജുകൾക്ക് ജാഗ്രത നിർദ്ദേശം നൽകുന്നത് - സംബന്ധിച്ച്.

സൂചന :- 1) കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നിർദ്ദേശം.
2) ഇതേ നമ്പർ സർക്കുലർ തീയതി12/03/2020

*************

കൊറോണ വൈറസ് - കോവിഡ് -19 എന്ന പകർച്ചവ്യാധിയെ തുടർന്ന് സംസ്ഥാനത്ത് നിലനിൽക്കുന്ന ജാഗ്രത നിർദ്ദേശങ്ങളുടെ ഭാഗമായി എല്ലാ കോളേജുകൾക്കും താഴെപ്പറയുന്ന തുടർ നിർദ്ദേശങ്ങൾ കൂടി നൽകുന്നു.

1. യൂണിവേഴ്സിറ്റി പരീക്ഷകൾ നടക്കുന്ന സാഹചര്യത്തിൽ എല്ലാ ക്ലാസ്സ് റൂമുകളിലേയും ബഞ്ചുകളും ഡസ്കുകളും സാനിറ്റൈസർ ഉപയോഗിച്ച് പരീക്ഷയ്ക്ക് മുൻപും ശേഷവും തുടച്ച് വൃത്തിയാക്കേണ്ടതാണ്.
2. സയൻസ് ലാബുകൾ, കമ്പ്യൂട്ടർ ലാബുകൾ എന്നിവിടങ്ങളിൽ പ്രാക്ടിക്കൽ ക്ലാസ്സുകൾ, പരീക്ഷകൾ നടത്തുമ്പോൾ, ലാബിൽ പ്രവേശിക്കുന്നതിന് മുൻപായി വിദ്യാർത്ഥികൾക്ക് സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ വൃത്തിയാക്കുന്നതിന് സൗകര്യങ്ങൾ ചെയ്യേണ്ടതും, മറ്റ് നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
3. യാത്ര ചെയ്തു വരുന്ന വിദ്യാർത്ഥികൾക്ക് ക്ലാസ്സ് റൂമിൽ പ്രവേശിക്കുന്നതിനു മുൻപായി കൈകളും മുഖവും ശുദ്ധീകരിക്കുന്നതിനായി, കോളേജിൻറെ പ്രവേശന കവാടങ്ങളിൽ പോർട്ടബിൾ വാഷ്ബേസിനുകളും ലിക്വിഡ് സോപ്പും അടിയന്തിരമായി ക്രമീകരിക്കേണ്ടതാണ്.
4. കോളേജിൻറെ ബാത്ത് റൂമുകളിലും പൊതു ടാപ്പ് സ്ഥാപിച്ചിരിക്കുന്നിടത്തും ആവശ്യമായ സാനിറ്റൈസർ, ലിക്വിഡ് സോപ്പ് എന്നിവ ക്രമീകരിക്കേണ്ടതാണ്.
5. കോളേജ് library, റഫറൻസ് ഹാൾ എന്നിവിടങ്ങളിൽ വിദ്യാർത്ഥികൾ പ്രവേശിക്കുന്നതിനു മുൻപായി കൈകൾ വൃത്തിയാക്കുന്നതിന് നിർദ്ദേശം നൽകേണ്ടതും വേണ്ട ക്രമീകരണങ്ങൾ ഏർപ്പെടുത്തേണ്ടതുമാണ്
6. കോളേജ് കാൻറീൻ ഏര്യയിൽ സാനിറ്റൈസർ, ലിക്വിഡ് സോപ്പ് എന്നിവ ക്രമീകരിക്കേണ്ടതും ആയത് ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകേണ്ടതുമാണ്.
7. ഇത്തരം ജാഗ്രത നിർദ്ദേശങ്ങൾ പാലിക്കേണ്ടത് സംബന്ധിച്ച് വിദ്യാർത്ഥികൾക്ക് നോട്ടീസ്, ഉച്ചഭാഷിണി എന്നിവയിലൂടെ ഇടയ്ക്കിടെ ഓർമ്മപ്പെടുത്തലുകൾ നൽകേണ്ടതുമാണ്.
8. ടി ആവശ്യങ്ങൾ നിറവേറ്റുന്നതിന് പി.ടി.എ യുടെ സഹായം തേടേണ്ടതും ആയത് അടിയന്തിരമായി (ഇന്നു തന്നെ) ചെയ്യുന്നതിനും പ്രിൻസിപ്പാളിനെ ചുമതലപ്പെടുത്തുകയും ചെയ്യുന്നു.

കേരള ഗവർണമെൻറും, ആരോഗ്യ വകുപ്പും ഇത്തരം പകർച്ച വ്യാധികളെ നേരിടുന്നതിന് ജാഗ്രത നിർദ്ദേശങ്ങൾ നൽകുകയും ഉണർന്നു പ്രവർത്തിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ കോളേജ് വിദ്യാഭ്യാസ വകുപ്പ് അത്തരം നിർദ്ദേശങ്ങൾ പാലിക്കുന്നതിന് പ്രതിജ്ഞാ ബദ്ധമാണെന്നും വിദ്യാർത്ഥികളോടും പൊതു സമൂഹത്തോടും നാം എന്നും കടപ്പെട്ടിരിക്കുന്നവരുമാണെന്ന് എല്ലാവരെയും ഓർമ്മപ്പെടുത്തുക കൂടി ചെയ്യുന്നു.

# Approval Valid

Digitally Approved By
ഡോ.സുമ കെ.കെ
Date: 16.03.2020
Reason: Approved

ഒപ്പ്/-
**ഡോ.സുമ കെ.കെ**
അഡിഷണൽ ഡയറക്ടർ

പകർപ്പ്:-

1). എല്ലാ സർക്കാർ കോളേജ് പ്രിൻസിപ്പാൾമാർക്കും

2). എല്ലാ കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടർമാർക്കും
(പ്രൈവറ്റ് / എയ്ഡഡ് കോളേജ് പ്രിൻസിപ്പാൾമാരുടെ അറിവിലേയ്ക്കും)